സ്മാർട്ട് വില്ലേജ് പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, തുടങ്ങി 5 ജില്ലകളിലായി 8 വില്ലേജാഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതാണ്. പ്രസ്തുത വില്ലേജാഫീസുകളുടെ നിർമ്മാണത്തിന് 2.56 കോടി രൂപയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

## മണ്ണെടുപ്പുമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ

**75 (2568)** <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിടനിർമ്മാണത്തിന് മണ്ണെടുക്കുന്നതിനുള്ള പാരിസ്ഥിതികാനുമതിക്ക് ഇളവ് നൽകിയിട്ടുണ്ടോ ;

(ബി) ഇത്തരം നടപടിമൂലമുണ്ടാകുന്ന പാരിസ്ഥിതികാഘാതത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പാരിസ്ഥിതികാനുമതിക്ക് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) വ്യക്തിഗത ഗൃഹനിർമ്മാണത്തിനുമാത്രം മണ്ണെടുക്കുന്നതിന് പാരിസ്ഥിതികാനുമതി ഒഴിവാക്കിക്കൊണ്ട് പരിസ്ഥിതിവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും ടി G.O. (Ms) No. 12/14/Envt dated 15-11-2014 ഉത്തരവ് ദേശീയ ഹരിത ട്രൈബ്യൂണൽ സ്റ്റേ ചെയ്യുകയും മണ്ണെടുക്കുന്നതിന് മുൻകൂർ പാരിസ്ഥിതികാനുമതി നിർബന്ധമാക്കുകയും ചെയ്തു.

(ബി) ഇല്ല.

(സി) മണ്ണെടുക്കുന്നതിന് മുൻകൂർ പാരിസ്ഥിതികാനുമതി വേണമെന്ന നിബന്ധനയിൻമേൽ വ്യാപകമായ പരാതി ഉയർന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly